**POLICE** **DEPARTMENT**

**KERALA**

**No. D2-7771/2014/RC**
City Police Office,
Thrissur
Dated. 16-06-2014

**ലേല പരസ്യം**

കെ പി ആക്ട് 56(4) പ്രകാരം തൃശ്ശൂർ സിറ്റി പോലീസ് മേധാവി പുറപ്പെടുവിക്കുന്നത്.

തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലുള്ള വിയ്യൂർ സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ കണ്ടെത്തി വിദഗ്ധ പരിശോധനയിലൂടെ അതിന്റെ മതിപ്പ് വില നിശ്ചയിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വാഹനങ്ങളുടെ പൂർണ്ണ വിവരം ഈ ലേലവിളംബരത്തോടൊപ്പം ചേർത്തിട്ടുള്ളതാണ്. ഈ വിളംബരതീയതി മുതൽ 30 ദിവസത്തിനകം ഈ പട്ടികയിൽ പറയുന്ന വാഹനങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച് അവകാശ വാദമോ, എതിർപ്പോ ഉന്നയിക്കുവാൻ ഉണ്ടെങ്കിൽ അക്കാര്യം നേരിട്ടോ, രേഖാമൂലമോ തൃശ്ശൂർ രാമവർമപുരത്തുള്ള ജില്ല സായുധ സേനയിലെ അസിസ്റ്റൻറ് കമാണ്ടൻറ് I ശ്രീ. അശോക് കുമാറിനെയോ ബന്ധപ്പെട്ട സിഐ നെയോ അറിയിക്കേണ്ടതാണ് എന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു. അല്ലാത്ത പക്ഷം പ്രസ്തുത വാഹനങ്ങൾ താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥലത്തും സമയത്തും വെച്ച് ലേലം ചെയ്യാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് മുമ്പായി 500/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്.

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി തയ്യാറാക്കിയ ദർഘാസുകൾ സീൽ ചെയ്ത കവറുകളിൽ നേരിട്ടോ തപാൽ മാർഗമോ ബന്ധപ്പെട്ട സി ഐ യുടെ കാര്യാലയത്തിൽ ലേലതീയതിയുടെ തലേദിവസം വൈകുന്നേരം 5.00 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതും ദർഘാസിനൊപ്പം മേൽ വിവരിക്കും നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ല പോലീസ് മേധാവി തൃശ്ശൂർ സിറ്റിയുടെ പേരിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് സഹിതം സമർപ്പിക്കേണ്ടതാണ്. ദർഘാസ് കവറിനു പുറത്ത് ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ വാങ്ങുന്നതിനുള്ള ദർഘാസ് എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലെയോ ദർഘാസിലെയോ തുകയിൽ ഏതിലാണ് കൂടുതൽ എന്നു നോക്കി ലേലം സ്ഥിരപ്പെടുത്തുന്നതും ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതിയിൽ കുറയാത്ത സംഖ്യ (നിരത ദ്രവ്യം കിഴിച്ച്) ലേലസ്ഥലത്ത് വച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി സംഖ്യ മുഴുവൻ തുകയുടെ നികുതിയടക്കം ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടുന്ന മുറയ്ക്ക് അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കൈപ്പറ്റി 10 ദിവസത്തിനകം സ്വന്തം ചെലവിൽ ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം ഉൾപ്പെടെയുള്ള തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ലേല വസ്തുക്കൾ പുനർലേലം നടത്തുന്നതും ഇപ്രകാരം ലേലം നടത്തുന്ന അവസരത്തിൽ സർക്കാരിന് എന്തെങ്കിലും വിധം നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതിന് ആദ്യം ലേലം കൊണ്ടയാളിൽ നിന്നും വസൂലാക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ ടിയാന് ടി തുകയിൽ യാതൊരു വിധ അവകാശവുമില്ലാത്തതുമാണ്. ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയുള്ള പ്രവർത്തി സമയത്ത് ബന്ധപ്പെട്ട സി ഐ യുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ട വാഹനങ്ങളുടെ പൂർണ വിവരം താഴെ ചേർക്കുന്നു.

| SL No | Register No. | Type of Vehicle | Make |
|---|---|---|---|
| 1 | KL-09-M-3813 | APE, | APE, Cargo |
| 2 | KL-08-B-7740 | CAR | Ambassador |
| 3 | KL-07-AD-9587 | M/C | Suzuki ,Samurai |
| 4 | KL-08-Q-1662 | M/C | Super,XL |
| 5 | KL-08-X-9060 | M/C | TVS Fiero |
| 6 | KL-08-AE-6204 | M/C | Bajaj CT-100 |
| 7 | KL-08-T-5493 | M/C | TVS, Victor |
| 8 | KL-08-M-8209 | M/C | Yamaha,YBX |
| 9 | KL-08-H-741 | M/C | Suzuki Samurai |
| 10 | KL-01-R-6087 | M/C | Splendor |
| 11 | KL-07-S-4215 | Scooter | Kinetic Honda |
| 12 | KL-08-J-7407 | Car | Maruti-800 |
| 13 | Burned Bike | M/C | Unicorn |
| 14 | KL-08-G-7337 | M/C | CD-100 SS |
| 15 | KL-09-L-7069 | M/C | TVS Fiero |
| 16 | KL-08-T-1047 | M/C | Bajaj Boxer |
| 17 | KL-16-6900 | M/C | Victor GLX |
| 18 | KL-08-M-6499 | M/C | Suzuki Max-100 |
| 19 | KL-08-AL-7297 | M/C | TVS Star City |

| | | | |
|---|---|---|---|
| 20 | KL-08-AC-1614 | M/C | Bajaj Boxer |
| 21 | KL-08-L-5622 | M/C | 4S Champion |
| 22 | KL-08-D-8915 | M/C | Suzuki Shogun |
| 23 | KL-08-V-1942 | M/C | TVS Max-100 |
| 24 | KL-08-B-220 | M/C | CD-100 |



P PRAKASH IPS
Commissioner of Police

Copy To : 1) തൃശ്ശൂർ സിറ്റിയിലെ എല്ലാ ഓഫീസർമാർക്കും ആവശ്യമായ പ്രചരണത്തിനായി 2) എല്ലാ ജില്ല പോലീസ് മേധാവിമാർക്കും കമാണ്ടൻറ്മാർക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി അയയ്ക്കുന്നു 3) സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം, 4) അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ ദക്ഷിണ മേഖല തിരുവനന്തപുരം, 5) അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ ഉത്തര മേഖല കോഴിക്കോട്, 6) അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ (ഇൻറലിജൻസ്) തിരുവനന്തപുരം, 7) പോലീസ് ഇൻസ്പെക്ടർ ജനറൽ തൃശ്ശൂർ റേഞ്ച്, 8) ജില്ല ഇൻഫർമേഷൻ ഓഫീസർ തൃശ്ശൂർ, 9) സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ് തിരുവനന്തപുരത്തിന് ഗസറ്റിൽ എത്രയും വേഗം പരസ്യപ്പെടുത്തുന്നതിലേക്കായി 4 പകർപ്പുകൾ അയയ്ക്കുന്നു. 10) ജില്ല പോലീസ് ഓഫീസിലെ നോട്ടീസ് ബോർഡ്, 11) എ സി പി ഗുരുവായൂർ, 12) സി ഐ പേരമംഗലം, 13)എസ് ഐ വിയ്യൂർ, 14) ഡെപ്യൂട്ടി കമാണ്ടൻറ്, ജില്ല എ ആർ ക്യാംപ്, തൃശ്ശൂർ, 15) സി എ ടു ഡിപി സി, 16) അസിസ്റ്റൻറ് പോലീസ് കമ്മീഷണർ (ഭരണ വിഭാഗം), 17) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, 18) മാനേജർ, 19) അക്കൌണ്ട്സ് ഓഫീസർ, 20) കാഷിയർ, 21) ജൂനിയർ സൂപ്രണ്ടുമാർ, 22) ബഡ്ജെറ്റ് ബ്രാഞ്ച്, 23) ബി സെക്ഷൻ എന്നിവരുടെ അറിവിലേക്കായി 24) സ്റ്റോക്ക് ഫയൽ